

THURSDAY 10/04/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA



**Chief Editor: Haripriya Devi VV (I/C)** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/04/2025

1. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയൻ്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെൻ്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കാസർഗോഡ് ജില്ലയിലെ കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും പൊതുജനങ്ങൾക്കായി സങ്കരയിനം (ടി ഇന്റു ഡി) തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നു. ആവശ്യക്കാർ ഏപ്രിൽ 22 മുതൽ റേഷൻ കാർഡിൻ്റെ കോപ്പി സഹിതം കേന്ദ്രത്തിൽ എത്തണം. സമയം രാവിലെ 9.30 മുതൽ വൈകീട്ട് നാല് വരെ. തെങ്ങിൻ തൈ ഒന്നിന് 325 രൂപ. ഫോൺ - 0467 2260632, 8547891632.

3. യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ് ഫാം രണ്ട് വർഷത്തിന് താഴെ പ്രായമുള്ള അട്ടപ്പാടി ബ്ലാക്ക് ആടുകൾ വേനലിനെ അതിജീവിക്കാൻ ശേഷിയുള്ള മികച്ചയിനം ആടുകൾ വില്പനയ്ക്ക് ലഭ്യമാണ് . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2961100.

4. 2025 വർഷത്തിലെ ഉഷ്ണതരംഗം മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2564623.

5. തൃശൂർ കണ്ണാറ കേരള അഗ്രോ ബിസിനസ്സ് കമ്പനി ലിമിറ്റഡ്സജ്ജീകരണത്തിനായി ബനാന ആൻഡ് ഹണി അഗ്രോ പാർക്കിലെ സംഭരണം/വെയർഹൗസ്/സംസ്കരണ യൂണിറ്റുകൾ, കണ്ണറ, തൃശൂർ എഫ്പിഎസ്, എംഎസ്എംഇകൾ, കർഷകർ, സ്വകാര്യ കമ്പനികൾ, സംരംഭകർ തുടങ്ങിയവർക്ക് മിതമായ നിരക്കിൽ പാട്ട വാടകയ്ക്ക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള മികച്ച അവസരം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238148583 എന്നാ ഫോൺ നമ്പറിലോ www.kabco.co. in എന്ന ഈ മെയിലിലോ ബന്ധപ്പെടുക.

6. റബ്ബർബോർഡ് പൊതുജനങ്ങളുടെ സഹകരണത്തോടെയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ടും യന്ത്രവത്കൃത ടാപ്പിങ് പ്രായോഗികമാക്കാൻ ശ്രമിക്കുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതുമായി ബന്ധപ്പെട്ട് ഫലപ്രദമായ ആശയങ്ങളോ പദ്ധതികളോ പങ്കുവെയ്ക്കാൻ താൽപര്യമുള്ളവർക്ക് തങ്ങളുടെ ആശയങ്ങൾ മുദ്രവച്ച കവറിൽ അടക്കംചെയ്ത് 2025 മെയ് 5ാം തീയതിക്കകം കിട്ടത്തക്കവിധത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ., കോട്ടയം- 686009 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്. റബ്ബർമേഖലയിലെ ഒരു വിദഗ്ധസംഘം ആശയങ്ങൾ വിലയിരുത്തുന്നതും തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ സമർപ്പിച്ചവർക്ക് അത് വികസിപ്പിച്ചെടുക്കേണ്ടതിലേക്കായി 10 ലക്ഷം രൂപയുടെ സാമ്പത്തികസഹായം നൽകുന്നതുമാണ്.

**കാർഷിക നിർദ്ദേശം**

7. കനത്ത മഴ ലഭിക്കുന്നതും മണൽ മണ്ണുള്ളതുമായ പ്രദേശങ്ങളിൽ പൊട്ടാസ്യം വളങ്ങൾ പല തവണകളായി നൽകുന്നത് പൊട്ടാസ്യം നഷ്ടം കുറയ്ക്കുവാൻ സഹായിക്കും. കളിമണ്ണ് കൂടുതലുള്ള സ്ഥലങ്ങളിൽ മുഴുവൻ പൊട്ടാസ്യവും അടിവളമായി നൽകാം. പുളിരസമുള്ള മണ്ണിൽ കുമ്മായം ഇട്ട് നിർവീര്യമാക്കിയതിനു ശേഷമേ പൊട്ടാസ്യം വളങ്ങൾ പ്രയോഗിക്കാവൂ. മണ്ണിലെ പൊട്ടാഷ് മൂല്യം നിലനിർത്തുന്നത് വൈക്കോൽ മണ്ണിൽ കൂട്ടിക്കലർത്തുന്നത് കൊണ്ടാണ്.വൈക്കോൽ കലർത്തിയിട്ടും മണ്ണിൽ പൊട്ടാസ്യം അളവ് കുറവാണെങ്കിൽ ഒരു ഹെക്ടറിന് 15 കി.ഗ്രാം K2O ചേർക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം